വിഷയം : ~~ഒരു~~ ഡിസംബറിൽ

# വിരഹമേകി ഡിസംബറുകളിൽ

ഒരു കാരണവുമില്ലാതെ അയാൾ ഉറക്കത്തിൽനിന്നു ഞെട്ടിയെഴുന്നേറ്റു. പുറത്തു നല്ല മഞ്ഞുവീഴ്ച ഉണ്ടായിരുന്നു. ഡിസംബർ അതിന്റെ എല്ലാ ശക്തിയുമെടുത്ത് മഞ്ഞു പെയ്യിച്ചുകൊണ്ടിരുന്നു. പക്ഷേ അയാളിൽ അതൊന്നും കടന്നുചെന്നതേയില്ല. മനസ്സിനെ മോഹിപ്പിക്കുന്ന ഡിസംബർ തണുപ്പ് അയാളിൽ യാതൊരു വിധ ഉണർവ്വും സൃഷ്ടിച്ചില്ല. മഞ്ഞുതുള്ളികൾ പുൽനാമ്പുകളെ പ്രണയിക്കുകയായിരുന്നു. എന്നാൽ ആ പ്രണയമത്രയും നൈമിഷികമായിരുന്നു. അടുത്ത മഞ്ഞുതുള്ളി വരുമ്പോൾ അല്ലെങ്കിൽ ഒരിളം കാറ്റ് വീശുമ്പോൾ ആ മഞ്ഞുതുള്ളി പുൽനാമ്പിനോട് വിടപറഞ്ഞു. പൂർണമാവാത്ത പ്രണയം ബാക്കിവെച്ചുകൊണ്ട്. ~~ചില ബന്ധങ്ങളും~~ കാലം ആരേയും ആരുടേയും അടുത്ത് അധികനേരം നിൽക്കുവാൻ സമ്മതിക്കില്ല.

"ഇതെന്തതിശയം! ഞാൻ സാഹിത്യം പറയുന്നു!" അയാൾ അത്ഭുതപ്പെട്ടു. പക്ഷേ ആ അത്ഭുതത്തിൽ ഒരു പരിഹാസം നിഴലിച്ചിരുന്നു.

ധ്യമായ ഒരുനക്കം. അതാണ് അയാൾ പ്രതീക്ഷിക്കുന്നത്. പക്ഷേ കാലം അത് പിന്നെയും നീട്ടി നീട്ടി കൊണ്ടുപോവുകയാണ്.

"മേരീ, നിയെന്തെടുക്കുവാ? ഒന്നിങ്ങോട്ടു വായോ.."

മറുപടിയൊന്നും കേൾക്കാതായപ്പോൾ അയാൾ വീണ്ടും വീണ്ടും മേരിയെ വിളിച്ചു. പിന്നെ ആ വിളറിയ ചുണ്ടിൽ നിരാശനിറഞ്ഞ ഒരു ~~പരിഹ~~ പരിഹാസച്ചിരി നിറഞ്ഞു.

"അവളെങ്ങനെ വിളികേൾക്കാനാ.. എന്റെ ശബ്ദം സ്വർഗം വരെയെത്തില്ലല്ലോ."

ഈ ഡിസംബറിന്റെ കുളിരും പങ്കുവെയ്ക്കാൻ ആരുമില്ലെന്ന യാഥാർഥ്യം ഉൾക്കൊള്ളാൻ കഴിയാതെ അയാൾ കുഴഞ്ഞു.

വീണ്ടും വീണ്ടും അയാൾ മേരിയെ വിളിച്ചുകൊണ്ടിരുന്നു. മറുപടി കിട്ടില്ലെന്ന് അയാൾക്ക് നല്ലപോലെ അറിയാമായിരുന്നു. എന്നാലും നിഷ്ഫലമായ ഒരു പ്രതീക്ഷ അയാളുടെ ഉള്ളിൽനിന്നും ശബ്ദമുയർത്തിക്കൊണ്ടിരുന്നു.

ചാരുകസേരയിൽ കണ്ണടച്ചുകൊണ്ട് അയാൾ കിടന്നു. കണ്ണിൽ നിലകയർന്ന കരിരുട്ട് പരക്കുന്നതായി അയാൾക്ക് തോന്നി. ആ ഇരുട്ടിലൂടെ ഒരു കുളിരായി മേരി അയാളുടെ അടുത്തേക്ക് വന്നുകൊണ്ടിരുന്നു. അയാളുടെ ജീവശ്വാസത്തിലൂടെ അവൾ ഉള്ളിലേക്ക് കടന്നു. ഹൃദയത്തിലേക്കും അവിടെനിന്നും ജീവന്റെ എല്ലാ അണുവിലൂടെ ആ കുളിർ കടന്നുപോയി. അയാളുടെ വിളറിയ ചുണ്ടുകൾ ഒന്ന് മന്ദഹസിച്ചു.

അടുത്ത ദിവസം ഡിസംബർ കുളിരേകി പുലരിയെത്തിയപ്പോഴേക്കും അയാളിൽ പൂർണ്ണമായി ഡിസംബർ കുളിർ ഇടം പിടിച്ചിരുന്നു. പക്ഷേ ഒരിക്കലും തിരിച്ചുവരാത്ത അനന്തതയിലേക്ക് അയാളിൽനിന്നും ചൂട് നീങ്ങിപ്പോയിരുന്നു.